സർവ്വകലാശാലയ്ക്ക് പരീക്ഷാ കലണ്ടർ

*7 [111] *ശ്രീ. കെ. മുഹമ്മദുണ്ണി:*

, ബി. രാജേഷ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയ്ക്ക് ഒരു പരീക്ഷാ കലണ്ടർ ഉണ്ടോ:

(ബി) ഉണ്ടെങ്കിൽ അതനുസരിച്ച് ആണോ പരീക്ഷ നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(സി) 2005 ഏപ്രിൽ അവസാനിച്ചിട്ടും ഏതെല്ലാം ഫൈനൽ പരീക്ഷകളാണ് പ്രസ്തുത സർവ്വകലാശാലയിൽ പൂർത്തിയാകാതിരുന്നത്;

(ഡി) യഥാസമയം പരീക്ഷ നടത്തി, റിസൾട്ട് പ്രഖ്യാപിക്കാത്തതുകൊണ്ട് പലർക്കും മറ്റ് സർവ്വകലാശാലകളിൽ ഉന്നത പഠനം നടത്തുവാൻ കഴിയാതെ വരുന്നുണ്ടോ;

(ഇ) ഓരോ വർഷവും ഏപ്രിലിൽ പരീക്ഷ പൂർത്തിയാക്കാനും ജൂണിൽ റിസൾട്ട് പ്രഖ്യാപിക്കുവാനും ആവശ്യമായ നിർദ്ദേശം നൽകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):*

(എ) പരീക്ഷാ കലണ്ടർ ഉണ്ട്.

(ബി) പരീക്ഷാ കലണ്ടർ അനുസരിച്ച് തന്നെയാണ് എല്ലാ പരീക്ഷകളുടെയും നടത്തിപ്പും ഫലപ്രഖ്യാപനവും സർവ്വകലാശാല നടത്തുന്നത്.

(സി) പരീക്ഷാ കലണ്ടർ അനുസരിച്ച് 2005 ഏപ്രിൽ 30 നു മുൻപ് നടത്തേണ്ട എല്ലാ അവസാനവർഷ പരീക്ഷയും യഥാസമയം നടത്തിയിട്ടുണ്ട്.

(ഡി) യഥാസമയം പരീക്ഷ നടത്തി ഫലം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചിട്ടില്ല എന്ന കാരണത്താൽ ആർക്കും ഉന്നതപഠനം തടസ്സപ്പെട്ടതായി പരാതി കിട്ടിയിട്ടില്ല എന്ന് രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

(ഇ) ഓരോ വർഷവും മാർച്ച് ഏപ്രിൽ മാസങ്ങളിൽ പരീക്ഷ നടത്തുംവിധം വളരെ കൃത്യനിഷ്ഠയോടെയും ഉത്തരവാദിത്വത്തോടെയും കലണ്ടർ തയ്യാറാക്കുന്നതിനും മെയ്/ജൂൺ മാസത്തിൽ തന്നെ ഫലം പ്രസിദ്ധീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ എല്ലാ വർഷവും ബന്ധപ്പെട്ടവർക്ക് നൽകാറുണ്ട് എന്ന് കേരള സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly